എസ്.എ.പി. -1331

എം.എസ്.പി. -1157

(1700) ആംഡ് പോലീസ് ബറ്റാലിയനിലേക്ക് കോൺസ്റ്റബിൾമാരുടെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആംഡ് പോലീസിലെ വിവിധ ബറ്റാലിയനുകളിലേയ്ക്ക് പോലീസ് കോൺസ്റ്റബിൾമാരെ നിയമിക്കുന്നതിനായി പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും ആകെ എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കേരള ആംഡ് പോലീസ് ബറ്റാലിയനുകളിൽ ആകെ എത്ര പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എ.പി. ബറ്റാലിയനിൽ തൃശ്ശൂർ - പാലക്കാട് ജില്ലകളിലേയ്ക്ക് പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഈ ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട്; ലിസ്റ്റിൽ അവശേഷിക്കുന്ന മുഴുവൻ പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്; തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ റാങ്ക് ലിസ്റ്റ് തീർന്നതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ബി) ഓരോ ലിസ്റ്റിൽ നിന്നും നിയമിച്ചവരുടെ വിശദാംശം താഴെ ചേർക്കുന്നു.

കെ.എ.പി. 1 - 992 പേർ

കെ.എ.പി. 2 - 884 പേർ

കെ.എ.പി. 3 - 977 പേർ

കെ.എ.പി. 4 - 824 പേർ

കെ.എ.പി. 5 - 570 പേർ

എസ്.എ.പി. - 1331 പേർ

എം.എസ്.പി.- 1157 പേർ

(സി) ആകെ 1066 ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 21.7.1997-ൽ ഈ ലിസ്റ്റിൽനിന്നും 884 പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഈ ലിസ്റ്റ് തീർന്നതായി തൃശൂർ ജില്ലാ ആഫീസർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly